ഹരിപ്പാട് ഗവൺമെൻറ് ഹോസ്പിറ്റൽ

280 [333] ശ്രീ. സി. ബി സി. വാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ഗവൺമെൻറ് ഹോസ്പിറ്റലിൽ (താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ) ഇന്നുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിൻെറ പരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ ആശുപത്രിയിൽ ഇന്നുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നില്ല. മറ്റെല്ലാ താലൂക്ക് ആശുപത്രികളിലുള്ളതു പോലെ 100 കിടക്കകൾ ഇവിടെയുമുണ്ട്. കൂടാതെ ഇ. എൻ. റ്റി., ശിശു വിഭാഗം എന്നീ വകുപ്പുകളും ഉണ്ട്.

(ബി) പുതുതായി ഒരു നേത്രവിഭാഗവും കൂടി തുടങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

ഇടുക്കി ജില്ലാ മെഡിക്കലാഫീസിലെ സ്റ്റാഫ്

281 [334] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ എത്ര സ്റ്റാഫുണ്ട് ;

(ബി) വേണ്ടിടത്തോളം സ്റ്റാഫില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇടുക്കി ജില്ലാ മെഡിക്കലാഫീസിലേക്ക് 26 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) വേണ്ടിടത്തോളം സ്റ്റാഫില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുളനട സഹകരണ ആശുപത്രി

282 [335] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലുള്ള കുളനട സഹകരണ ആശുപത്രിക്ക് സ്വന്തമായി സ്ഥലം വാങ്ങിച്ചതിനുശേഷം കെട്ടിടം പണിയുന്നതിനുള്ള ലോണും സബ്സിഡിയും നൽകണമെന്നു കാണിച്ച് നിരവധി നിവേദനങ്ങൾ നടത്തിയിട്ടും ഇതുവരെ അതു നൽകിയിട്ടില്ലെന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായിട്ടെങ്കിലും പ്രസ്തുത ആശുപത്രിക്ക് കെട്ടിടം പണിയുന്നതിനുള്ള ലോണും സബ്സിഡിയും നൽകുമോ ?

---

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 9910/LA. 1/76. *Dated, Trivandrum, 10th January 1977.*

In exercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the Sixteenth Session of the Fourth Kerala Legislative Assembly with effect from December 24, 1976.

ഭേദഗതി വരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 174-ാം വകുപ്പ് 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ നാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 1976 ഡിസംബർ 24-ാം തീയതിമുതൽ ഇതിനാൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,
Dr. R. PRASANNAN,
Secretary,
Legislative Assembly.

APPENDIX I

Please see answer to Unstarred Question No. 145 (334)

1.	ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ	..	1
2.	അസിസ്റ്റൻറ് ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർ	..	1
3.	ജൂനിയർ സൂപ്രണ്ട്	..	1
4.	അപ്പർ ഡിവിഷൻ ക്ലാർക്ക്	..	3
5.	ലോവർ ഡിവിഷൻ ക്ലാർക്ക്	..	3
6.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	..	1
7.	പ്യൂൺ	..	4
8.	ഡിസ്ട്രിക്റ്റ് പബ്ലിക് ഹെൽത്ത് നേഴ്സ്	..	1
9.	ഡിസ്ട്രിക്റ്റ് ലാബറട്ടറി ടെക്നീഷ്യൻ	..	1
10.	ഹെൽത്ത് എഡ്യൂക്കേറ്റർ	..	1
11.	ക്ലാർക്ക്—ടൈപ്പിസ്റ്റ്	..	2
12.	ഡ്രൈവർ	..	1
13.	അസിസ്റ്റൻറ് സർജൻ	..	2
14.	ആക്സിലറി നഴ്സ് മിഡ്വൈഫ്	..	1
15.	ഫാമിലി പ്ലാനിംഗ് ഹെൽത്ത് അസിസ്റ്റൻറ്	..	2
16.	ഡ്രൈവർ-കം-മെക്കാനിക്ക്	..	1
	ആകെ	...	26

LIBRARY ARCHIVES Kerala Legislative Assembly